# നിത്യപുരോഹിതനായ ഈശോ

SMCC-VACHANAVEDI http://www.syromalabarcatechesis.org

**പള്ളിക്കൂദാശക്കാലം രണ്ടാംഞായർ , മത്താ. 12: 1–13**

**റവ.ഫാ.സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**ഒന്നാംവായന:** സാക്ഷ്യകൂടാരം നിർമ്മിക്കുന്നതിനെക്കുറിച്ചു ദൈവം മോശയ്ക്കു നിർദ്ദേശം നൽകുന്നു. കൂടാരത്തിൽ തിരുസാന്നിദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് അഭിഷേകം ചെയ്യപ്പെടുന്ന പുരോഹിതർ തലമുറകളിലൂടെ നിത്യം നിലനിൽക്കുന്ന പൗരോഹിത്യത്തിന്റെ ഭാഗഭാക്കുകളാണ്. പഴയനിയമപൗരോഹിത്യം നിത്യപുരോഹിതനായ ഈശോമിശിഹായുടെ പൗരോഹിത്യത്തിലുള്ള പങ്കാളിത്തമാണ്.

**രണ്ടാംവായന:**സോളമൻ രാജാവ് ദൈവാലയം നിർമ്മിച്ചു ദൈവത്തിനു പ്രതിഷ്ഠിച്ചതിനു ശേഷം നടത്തുന്ന പ്രാർത്ഥന. ദാവീദിനോടു വാഗ്ദാനം ചെയ്തതുപോലെ നിത്യം നിലനിൽക്കുന്ന രാജാവിനായി പ്രാർത്ഥിക്കുന്നു. നിത്യം നിലനിൽക്കുന്ന സിംഹാസനം ഈശോമിശിഹായുടെ സിംഹാസനമാണ്. മിശിഹായുടെ വരവിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയാണു സോളമൻ ദൈവാലയത്തിൽ നടത്തുന്നത്. ദാവീദിന്റെയും തന്റെതന്നെയും രാജത്വം വരാനിരിക്കുന്ന നിത്യരാജാവിന്റെ രാജത്വത്തിലുള്ള പങ്കാളിത്തമാണ് എന്നു പ്രഘോഷിക്കുന്നു.

**മൂന്നാംവായന:** ഹെബ്രായലേഖനം പഴയനിമയവായനകളെ വ്യക്തമായി വ്യാഖ്യാനിക്കുന്നുണ്ട്. പഴയനിയമത്തിലെ സാക്ഷ്യകൂടാരങ്ങളും ബലിയർപ്പണങ്ങളും സ്വർഗ്ഗരാജ്യത്തിലെ ബലിയർപ്പണത്തിന്റെയും ആരാധനയുടെയും സാദൃശ്യവും നിഴലുമാണ് എന്നു പഠിപ്പിക്കുന്നു.

**നാലാംവായന**: സുവിശേഷത്തിൽ സാബത്തുകളുടെ ലംഘനത്തിന്റെ പേരിൽ കുറ്റാരോപിതനാക്കപ്പെടുന്ന ശിഷ്യന്മാരെയും (1–8) ഈശോയെയും (9–13) ആണ് കാണുന്നത്. ഈശോ ആരോപണങ്ങൾക്ക് ഉത്തരമായി പഴയനിയമത്തിൽനിന്നു മൂന്നു സംഭവങ്ങളാണ് ഉയർത്തിക്കാട്ടുന്നത്.

രാജാവ് എന്തുചെയ്തു? സാമുവേലിന്റെ ഒന്നാംപുസ്തകത്തിൽ (21, 1–6) വിവരിക്കുന്നതും ദാവീദുരാജാവിന്റെ ജീവിതത്തിൽനിന്നുള്ളതുമായ സംഭവം ഈശോ ചൂണ്ടിക്കാണിക്കുന്നു. രാജാവ് നിയമത്തിന്റെ തടസ്സങ്ങൾ നിലനിൽക്കേ വിശക്കുന്നവന് അപ്പം നൽകുന്നു. രാജാവ് ചെയ്ത ആ പ്രവൃത്തി നിയമലംഘനമല്ലാതാകുന്നത് അദ്ദേഹം രാജാവായതുകൊണ്ടാണ്. ഇവിടെ നിത്യരാജാവായ ക്രിസ്തു ഈ സംഭവത്തിലൂടെ തന്റെ രാജത്വം പ്രഘോഷിക്കുകയാണ്.

പുരോഹിതർ എന്തുചെയ്യുന്നു? പുരോഹിതർ സാബത്തുദിവസങ്ങളിലും ബലിയർപ്പണത്തിനായി വസ്തുക്കൾ ഒരുക്കുകയും ബലിയർപ്പണം നടത്തുകയും ചെയ്തിരുന്നു. (പുറ. 28, 9-10). അത് ഒരു ജോലിയായിരുന്നുവെങ്കിലും, നിയമലംഘനം ആയിരുന്നു വെങ്കിലും തെറ്റായി കരുതിയിരുന്നില്ല. കാരണം ദൈവത്തിന്റെപക്കലുള്ള ശുശ്രൂഷയാണ്.

പ്രവാചകൻ എന്തുപറയുന്നു? ഒന്നാമതായി, ഈശോ ഹോസിയായുടെ പുസ്തകം 6,6 ഉദ്ധരിക്കുന്നു. ബലിയല്ല കരുണയാണ് ദൈവം ആഗ്രഹിക്കുന്നത്. സാബത്തിൽ ദൈവഹിതം നിറവേറ്റിക്കൊണ്ടു താൻ തന്റെ പ്രവാചകദൗത്യം നിർവഹിക്കുന്നതായി ഈശോ പ്രഖ്യാപിക്കുന്നു. സാബത്തിൽ കരുണ ചെയ്തുകൊണ്ടു സാബത്തിന്റെ അധിപനാണു താൻ എന്നു പറയുമ്പോൾ ഈശോ തന്റെ തന്നെ വ്യക്തിത്വം വെളിപ്പെടുത്തുകയാണ്. സാബത്ത് ദൈവം സ്ഥാപിച്ചതാണ് (ഉത്പത്തി 2,3) എന്ന് എല്ലാ യഹൂദർക്കും അറിയാം. ഈശോ തന്നെത്തന്നെ സാബത്തിന്റെ അധിപൻ എന്നു പറയുമ്പോൾ തന്റെ ദൈവികവ്യക്തിത്വം വെളിപ്പെടുത്തുകയാണ്. ഇന്നത്തെ സുവിശേഷഭാഗം ഈശോയുടെ ദൈവികസ്വഭാവവും, രാജകീയതയുടെയും പൗരോഹിത്യത്തിന്റെയും പ്രവാചകത്വത്തിന്റെയും ദൗത്യവും വെളിപ്പെടുത്തുന്നതാണ്. രാജാവും പ്രവാചകനും പുരോഹിതനുമായ അവിടുന്നു സാബത്തിന്റെ അധിപനായ ദൈവവുമാണ്.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# സാബത്തിന്റെയഥാർത്ഥ ചൈതന്യം

ഡോ. ജോസഫ് തടത്തിൽ

1 മക്കബായർ 2:31-38 പറയുന്നത് അതിദാരുണമായ കൂട്ടക്കുരുതിയെപ്പറ്റിയാണ്. അന്തിയോക്കസിന്റെ മതമർദ്ദനത്തിൽനിന്നു രക്ഷപ്പെടാൻ കുറെ യഹൂദർ വനാന്തരങ്ങളിലെ ഒളിസങ്കേതങ്ങളിൽ അഭയം തേടി. ഇതു മനസ്സിലാക്കിയ അന്തിയോക്കസിന്റെ സൈന്യം സാബത്തുദിനത്തിൽ അവരെ ആക്രമിച്ചു. സാബത്തുനിയമം ലംഘിക്കാതിരിക്കുവാൻ ഈ യഹൂദർ സൈന്യത്തെ തിരിച്ചാക്രമിക്കുകയോ ചെറുത്തു നില്പിനായി ശ്രമിക്കുകയോ രക്ഷാമാർഗ്ഗം തേടുകപോലുമോ ചെയ്തില്ല. തൽഫലമായി സ്ത്രീകളും കുട്ടികളുമടക്കം ആയിരത്തോളം പേർ വധിക്കപ്പെട്ടു. സാബത്താചരണത്തിന്റെ യഥാർത്ഥ ചൈതന്യം സംബന്ധിച്ച് ഈശോയോടു ഫരിസേയർ നടത്തുന്ന രണ്ടു വാദപ്രതിവാദങ്ങളാണ് ഇന്നത്തെ സുവിശേഷ

ഭാഗത്തുള്ളത്. തോറാ വിരുദ്ധനോ സാബത്തുവിരുദ്ധനോ അല്ലാത്ത ഈശോ സാബത്താചരണം നിഷേധാത്മകത കൊണ്ടല്ല, നന്മകൊണ്ട് ചൈതന്യവത്താക്കേണ്ടതിന്റെ ആവശ്യകതയാണ് ഫരിസേയരെ അറിയിക്കുക.

'അയൽക്കാരന്റെ ഗോതമ്പുവയലിലൂടെ കടന്നു പോകുമ്പോൾ കൈകൊണ്ടു കതിരുകൾ പറിച്ചെടുക്കാൻ' അനുമതിയുണ്ടായിരുന്നെങ്കിലും (നിയ.23:25) ശിഷ്യന്മാർ സാബത്തുദിവസം തന്നെ അതു പറിച്ചെടുത്തതാണ് ഫരിസേയരെ അസ്വസ്ഥരാക്കിയത്. സാബത്തു വിശുദ്ധമായി ആചരിക്കണം എന്ന ലളിതമായ ദൈവകല്പന (പുറ. 20:8-11; നിയ.15:12-15) വളരെ സങ്കീർണ്ണമായ സാബത്തുനിയമമായി രൂപാന്തരപ്പെടുത്തുവാൻ നിയമജ്ഞർക്കും ഫരിസേയർക്കുമായി. സാബത്തിൽ ജോലി ചെയ്യരുത് എന്ന നിയമത്തിൻകീഴിൽത്തന്നെ 39 ജോലികളെ അവർ ഉൾപ്പെടുത്തി: തീ കത്തിക്കുക, കൊടുക്കുകയും വാങ്ങുകയും ചെയ്യുക, ജോലി, യാത്ര എന്നിവയെപ്പറ്റി ചിന്തിക്കുക, കൊയ്യുക, മെതിക്കുക, പാറ്റുക, ഭക്ഷണം പാകം ചെയ്യുക തുടങ്ങിയവ. സാബത്തു ദിവസത്തേക്കുള്ള ഭക്ഷണം തലേദിവസം തന്നെ പാകപ്പെടുത്തണമായിരുന്നു. വ്യാഖ്യാതാക്കൾ നിരോധിതജോലികളോരോന്നും വ്യക്തമായി നിർവ്വചിക്കാനും ശ്രമിച്ചു. ഉദാഹരണമായി, രണ്ട് ഉണക്കഅത്തിപ്പഴത്തിന്റെ തൂക്കമെങ്കിലും വരുന്നതെല്ലാം ഭാരമായി നിർവ്വചിക്കപ്പെട്ടു. ഇത്രയുമോ അതിലധികമോ തൂക്കം വരുന്നതൊന്നും സാബത്തിൽ വഹിക്കാൻ പാടില്ല. കതിരുകൾ പറിക്കുന്നതുപോലും ഒരു തരം കൊയ്ത്താണെന്നു 'മൈമോണിദസി' നെപ്പോലുള്ള യഹൂദറബിമാർ പറഞ്ഞിട്ടുണ്ട്.

നിയമജ്ഞരുടെയും ഫരിസേയരുടെയും ദൃഷ്ടിയിൽ ശിഷ്യരുടെ പ്രവൃത്തി സാബത്തുനിയമത്തിന്റെ നിരവധി ലംഘനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. കതിരു പറിച്ചതുവഴി കൊയ്ത്തും, അതു കൈയിലിട്ട് തിരുമ്മിയതുവഴി മെതിയും, ധാന്യവും ഉമിയും തമ്മിൽ വേർതിരിച്ചതു, വഴി പാറ്റും ഈ മൂന്നു പ്രവൃത്തികളും വഴി ഒരു ഭക്ഷണമൊരുക്കിയതുമെല്ലാം സാബത്തിൽ കുറ്റകരമാണ്.

ഫരിസേയ ആക്ഷേപത്തിനെതിരേ ഈശോ അതിശക്തമായ വാദങ്ങൾ നിരത്തുന്നു:"1. പ്രത്യേകമായി തയ്യാറാക്കിയ 12 അപ്പം വിശുദ്ധസ്ഥലത്തെ പൊൻമേശയിൽ 6 വീതമുള്ള രണ്ടു നിരകളായി ആഴ്ചതോറും സമർപ്പിക്കണമായിരുന്നു (ലേവ്യ.24:5-9). പുതിയവ സമർപ്പിക്കുമ്പോൾ പഴയവ പുരോഹിതരുടെ അവകാശമായിത്തീരുകയും അവർക്കു മാത്രം അവ ഭക്ഷിക്കുകയും ചെയ്യാം. എന്നാൽ വിശന്നപ്പോൾ ദാവീദും അനുചരന്മാരും ഈ കാഴ്ചയപ്പം എടുത്തു ഭക്ഷിച്ചുവെങ്കിലും (1 സാമു. 21:1-6) അവർ കുറ്റമറ്റവരായിരിക്കുന്ന കാര്യം കർത്താവ് ചൂണ്ടിക്കാട്ടി. ഈ സംഭവത്തോടു ചേർത്ത് ലേവ്യർ 24:8 മനസ്സിലാക്കുമ്പോൾ ദാവീദിന്റെ ഈ

‘നിയമലംഘനത്തിൽ’ സാബത്തുനിയമത്തിന്റെ ‘ലംഘനം’ കൂടി ഉൾപ്പെടുന്നുണ്ടെന്നു കാണാം. പക്ഷേ, ഇവിടെ മനുഷ്യന്റെ അടിസ്ഥാന ആവശ്യത്തിനു നിയമാനുഷ്ഠാനത്തേക്കാൾ വില കല്പിക്കപ്പെട്ടു. 2. തീ കത്തിക്കുക, മൃഗങ്ങളെ കൊല്ലുക, ബലിപീഠത്തിലെടുത്തു സമർപ്പിക്കുക തുടങ്ങിയവയെല്ലാം ദൈവാലയകർമ്മങ്ങളുടെ ഭാഗമാണ്. സാബത്തിൽ ബലിയർപ്പണം ഇരട്ടിക്കുന്നതിനാൽ (സംഖ്യ.28:9) പുരോഹിതരുടെ ജോലിയും ഇരട്ടിക്കുന്നു. ഒരു സാധാരണവ്യക്തി ഇവയിലേതെങ്കിലും ഒന്നു ചെയ്താൽ നിയമലംഘനമാകുമെങ്കിൽ പുരോഹിതൻ ഇതു ചെയ്യുമ്പോൾ നിയമാനുസൃതമാകുന്നു. കാരണം എല്ലാ സാബത്തു നിയമങ്ങളെയുംകാൾ മുൻഗണന ദൈവാരാധനയ്ക്കാണ്; ദൈവാരാധന മുടങ്ങാതെ നടക്കേണ്ടതാണ്. 3. ബലിയല്ല സ്നേഹമാണ് ദൈവമാഗ്രഹിക്കുന്നത് (ഹോസി. 6:6) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ അനുഷ്ഠാനബലിയേക്കാൾ ദൈവമാഗ്രഹിക്കുന്നത് മനുഷ്യരോടുള്ള കാരുണ്യമാണെന്ന് ഈശോ വ്യക്തമാക്കുന്നു. സാബത്ത് നിയമത്തിന്റെ കാർക്കശ്യ പാലനത്തേക്കാൾ മനുഷ്യാവശ്യങ്ങൾ നിറവേറപ്പെടണം. എന്ന കരുണാമസൃണനിലപാട് പ്രധാനമാണ്.

ജീവൻ അപകടത്തിലാകുന്ന അവസരങ്ങളിൽ മാത്രം സാബത്തു നിയമത്തിൽ ഇളവ് അനുവദിച്ചിരുന്നെങ്കിലും തീവ്ര നിലപാടുകാർ ഈ ഇളവ് പ്രയോജനപ്പടുത്തുകയോ പ്രയോജനപ്പെടുത്താൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. കൈ ശോഷിച്ച മനുഷ്യന്റെ ജീവൻ അപകടാവസ്ഥയിലല്ലെങ്കിലും അത്യാവശ്യമായി വരുന്നതിൽ കൂടുതലായി ഒരു നിമിഷം പോലും മനുഷ്യൻ സഹിക്കാൻ കാരണമാകുന്ന നിയമങ്ങളൊന്നും ഈശോയ്ക്കു സ്വീകാര്യമല്ല. അനുഷ്ഠാന നിയമങ്ങളുടെ അനുസരണത്തെക്കാൾ മനുഷ്യസ്നേഹാധിഷ്ഠിതമായ പ്രവൃത്തിയാണവിടുത്തേക്കിഷ്ടം. നിയമങ്ങളുടെയും ചട്ടങ്ങളുടെയും നൂലാമാലകൾ മാത്രം തേടി നടന്ന ഫരിസേയർക്ക് മനുഷ്യന്റെ ജീവനും ദുരിതപൂർണ്ണമായ ജീവിതവും പ്രശ്നങ്ങളേ ആയിരുന്നില്ല. കുഴിയിൽ വീണ സ്വന്തം ആടിനെ സാബത്താണെങ്കിൽ പോലും അവർ രക്ഷിച്ചിരുന്നു; ആ ആടിനു തീറ്റ എടുത്തുകൊണ്ടു പോകുന്നത് അവർക്ക് ഭാരമെടുക്കലല്ല. അങ്ങനെയെങ്കിൽ, ആവശ്യത്തിലായിരിക്കുന്നവനെ സഹായിക്കാൻ പ്രയോജന പ്പെടുത്തരുതാത്തത്ര പുണ്യപ്പെട്ട സമയമോ, ദിവസമോ, ദൈവത്തിനില്ലെന്ന് ഈശോ വ്യക്തമാക്കുന്നു. മനുഷ്യൻ വിധിക്കപ്പെടുന്നതു തന്നെ പരോപകാരാർത്ഥം. സമയം എങ്ങനെ പ്രയോജനപ്പെടുത്തി എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ (മത്താ. 25:31-46). സാബത്തിലെ മൃഗസംരക്ഷണംപോലും നന്മയെങ്കിൽ മനുഷ്യന് നന്മ നിരസിക്കപ്പെടുന്നതുതന്നെ തിന്മയാണല്ലോ. ഈശോ കൈ ശോഷിച്ചവനെ സുഖപ്പെടുത്തിയതുവഴി അവന് ആരോഗ്യവും, ആരോഗ്യം വഴി ജോലിയും, ഇവ രണ്ടും വഴി ആത്മാഭിമാനവും നല്കി. യഥാർത്ഥ ക്രിസ്തീയത എതിർക്കപ്പെട്ടേക്കാമെങ്കിലും അവഗണിക്കപ്പെടില്ല. കഠിനമായ സാബത്തു നിയമം മറ്റുള്ളവരുടെ ദൃഷ്ടിയിൽ

മതഭ്രാന്തായിരുന്നു. അതിനെതിരേ നിലപാടെടുത്ത ഈശോയുടെ ജീവൻ കൂടുതൽ ഭീഷണിക്കു വിധേയമായി. സാബത്തിന്റെ കർത്താവ് എന്നു പറഞ്ഞ് അവിടുന്ന് സ്വന്തം അധികാര മുറപ്പിക്കുകയല്ല, തന്റെ ശിഷ്യരുടെ പ്രവൃത്തിയെ അംഗീകരിക്കുകയാണ് രണ്ടു സംഭവങ്ങളിലൂടെയും. സാബത്തുനിയമം കാരുണ്യനിയമത്തിനു കീഴിലെന്നു വ്യക്തമാക്കപ്പെടുന്നു. സ്നേഹവും കാരുണ്യവുമാണ് നിയമാനുഷ്ഠാനത്തെ മൂല്യവത്താക്കുന്നത്.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# കരുണ ആഗ്രഹിക്കുന്ന ഈശോ

**ഫാ. ജോർജ് ദാനവേലിൽ**

യഹൂദരെ സംബന്ധിച്ചിടത്തോളം ഏറ്റവും വിശുദ്ധമായി ആചരിക്കപ്പെടേണ്ട ദിവസമായിരുന്നു സാബത്തു ദിനം. ആറു ദിവസംകൊണ്ടു സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം, ഏഴാം ദിവസം വിശ്രമിച്ചതിന്റെ ഓർമ്മയാണ് (ഉത്പ 2 :2.3) സാബത്താചരണത്തിന്റെ അടിസ്ഥാനം. സാബത്തുദിവസം മനുഷ്യനോ മൃഗങ്ങളോ യാതൊരുവിധ ജോലിയും ചെയ്യാൻ പാടില്ല എന്നാണു സാബത്തുനിയമം അനുശാസിക്കുക. സാബത്തുനിയമങ്ങൾ കർശനമായി പാലിക്കാൻ എല്ലാവർക്കും കടപ്പാടുണ്ടായിരുന്നു. ഒരുവനു ദൈവത്തോടുള്ള ബന്ധം മറ്റുള്ളവർ കണക്കാക്കിയിരുന്നതു സാബത്തുനിയമങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള പാലനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു (പുറ. 35:3). അന്ധമായി സാബത്തുനിയമങ്ങൾ ആചരിച്ച് അതിൽ സംതൃപ്തി നേടാൻ ശ്രമിക്കുകയും, എന്നാൽ അതിന്റെ ആന്തരിക ചൈതന്യം വിസ്മരിക്കുകയും, അക്ഷരാർത്ഥത്തിലുള്ള ആചരണം അനുഷ്ഠിക്കാത്തവരെ നിർദ്ദയം വിമർശിക്കുകയും ചെയ്തിരുന്ന ഫരിസേയ നേതൃത്വത്തെയാണ് ഈശോക്കു തന്റെ പരസ്യജീവിതത്തിൽ നേരിടേണ്ടിവന്നത്.

വിശുദ്ധമായി ആചരിക്കേണ്ട സാബത്തുദിനം ഈശോയുടെ ശിഷ്യർ ലംഘിച്ചു എന്നു പറഞ്ഞു ശിഷ്യരുടെമേൽ ആരോപണമുതിർക്കുന്ന ഫരിസേയരെയും അവരുടെ ആരോപണത്തിനു മറുപടി പറയുന്ന ഈശോയെയുമാണ് വി.മത്തായിയുടെ സുവിശേഷം 12-ാം അദ്ധ്യായം 1 മുതൽ 8 വരെയുള്ള സുവിശേഷഭാഗത്ത് നാം കാണുക. ഒരു ദിവസം ഗോതമ്പുവയലിലൂടെ കട

ന്നുപോകുമ്പോൾ വിശന്നു വലഞ്ഞ ശിഷ്യർ കതിരുകൾ പറിച്ചുതിന്നതിനെയാണ് ഫരിസേയർ കുറ്റപ്പെടുത്തുക. സാബത്തിൽ ജോലി ചെയ്യരുത് എന്ന നിയമം ലംഘിച്ചു എന്നാണു ശിഷ്യരുടെ മേൽ അവർ ആരോപിക്കുന്ന കുറ്റം.

സാബത്താചരണത്തിന്റെ ലക്ഷ്യത്തെക്കുറിച്ചു നിയമാവർത്തനപ്പുസ്തകം 5-ാം അദ്ധ്യായം 12-15 വരെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. സാബത്താചരിക്കാനുള്ള കല്പന നല്കിയശേഷം പറയുന്നു. "നീ ഈജിപ്തിൽ ദാസനായിരുന്നു എന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെ നിന്നും നിന്നെ മോചിപ്പിച്ചുവെന്നും നീ ഓർമ്മിക്കുക. അതു കൊണ്ടു സാബത്തുദിനമാചരിക്കുവാൻ അവിടുന്ന് നിന്നോടു കല്പിച്ചിരിക്കുന്നു" (നിയ.5:15). ഇസ്രായേല്യരെ സംബന്ധിച്ചിടത്തോളം തങ്ങൾ കടന്നുപോന്ന വഴികളിൽ അനുഭവിച്ച വേദനയുടെയും അടിമത്തത്തിന്റെയും നിമിഷങ്ങളിൽ ദൈവത്തിൽ നിന്നു ലഭിച്ച സ്നേഹവും കരുണയും ഓർമ്മിക്കുന്നതോടൊപ്പം ഇതെല്ലാം നൽകിയ ദൈവത്തെ മറ്റുള്ളവർക്കു പങ്കുവയ്ക്കുന്ന പരിശുദ്ധ ദിനവുമായിരുന്നു സാബത്ത്.

എന്നാൽ നിയമവ്യാഖ്യാതാക്കളായ നിയമജ്ഞർ സാബത്തു നിയമത്തെ തങ്ങളുടെ താല്പര്യമനുസരിച്ചു വ്യഖ്യാനിക്കുകയും സാബത്തിൽ ചെയ്യരുതാത്തതായ 39 ജോലികൾ തിട്ടപ്പെടുത്തുകയും ചെയ്തു. ഈ ജോലികളിൽ ഏതെങ്കിലും ചെയ്താൽ സാബത്തുലംഘനമാണെന്ന് അവർ പ്രഖ്യാപിക്കുകയും ചെയ്തു. കതിരുകൾ പറിക്കുന്നതു കൊയ്യുന്നതിനും, കൈയിലിട്ടു തിരുമ്മുന്നതു മെതിക്കുന്നതിനും, ധാന്യം വേർതിരിക്കുന്നതു പാറ്റുന്നതിനും തുല്യമായിരുന്നു. അങ്ങനെ നിരോധിക്കപ്പെട്ട 39 ജോലികളിൽ 3 ജോലികൾ ശിഷ്യർ ചെയ്തു എന്നാണ് ആരോപണം.

അവരുടെ ആരോപണത്തിനു മറുപടിയായി നിയമങ്ങളും അനുഷ്ഠാനങ്ങളും അക്ഷരാർത്ഥത്തിലല്ല, ആന്തരികചൈതന്യത്തിൽ സ്വീകരിക്കാൻ ആഹ്വാനം ചെയ്യുകയാണ് ഈശോ. സമൂഹത്തിൽ നിലവിലിരുന്ന ആചാരാനുഷ്ഠാനങ്ങൾക്കു പുതിയൊരർത്ഥവും ഭാവവും നല്കാനാണ് ഈശോ ശ്രമിക്കുന്നത്. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും ഉൾക്കൊള്ളാത്ത നിയമവും അനുഷ്ഠാനങ്ങളും ഈശോ തള്ളിക്കളയുന്നു. നിയമത്തെക്കാൾ മനുഷ്യന്റെ നന്മയ്ക്കാണ് അവിടുന്ന് പ്രാധാന്യം കൊടുത്തത്.

ഈശോയുടെ ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിയമവും അനുഷ്ഠാനങ്ങളും ഒന്നും വേണ്ട എന്നു വ്യഖ്യാനിക്കുന്നവരുണ്ട്. ഫരിസേയർ സാബത്തുനിയമത്തെ വ്യാഖ്യാനിച്ചതുപോലെ തെറ്റായ വ്യാഖ്യാനമാണത്. ആചാരാനുഷ്ഠാനങ്ങൾ അതിൽത്തന്നെ തെറ്റല്ല. മതാനുഷ്ഠാനങ്ങൾക്കും നിയമങ്ങൾക്കും എപ്പോഴും അതന്റേതായ മൂല്യമുണ്ട്. "നിയമത്തെ ഇല്ലാതാക്കനല്ല

അതു പൂർത്തിയാക്കാനാണു ഞാൻ വന്നിരിക്കുന്നത്" എന്ന്, അവിടുന്ന് വ്യക്തമാക്കുകയും ചെയ്തു. ആന്തരിക ചൈതന്യം മനസ്സിലാക്കി നിയമവും അനുഷ്ഠാനങ്ങളും നിറവേറ്റുമ്പോൾ അതു ദൈവത്തെയും സഹോദരനെയും സ്നേഹിക്കാനും കരുണകാണിക്കാനും മനുഷ്യനെ പ്രാപ്തനാക്കും. അപ്പോൾ ഈ നിയമങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യനെ കൂടുതൽ നന്മയി ലേക്കും സ്നേഹത്തിലേക്കും നയിക്കും. ആന്തരിക ചൈതന്യം മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ ഇതെല്ലാം വെറും ആചരണമായി അധഃപതിക്കും. അതിനാൽ എല്ലാനിയമങ്ങളും അനുഷ്ഠാന ങ്ങളും അനാവശ്യമാണെന്നു കരുതുന്നതും തികച്ചും തെറ്റാണ്. മനുഷ്യൻ ഇതിനെയെല്ലാം സ്വന്തം സൗകര്യത്തിനും നേട്ടത്തിനുമായി തെറ്റായി വ്യഖ്യാനിക്കാൻ ശ്രമിക്കുമ്പോഴാണു പ്രശ്നങ്ങൾ ഉണ്ടാവുക.

ഫരിസേയർ ശിഷ്യന്മാരെ കുറ്റപ്പെടുത്തുക നിയമത്തോടുള്ള ബഹുമാനംകൊണ്ടോ ശിഷ്യൻമാർ നിയമം അനുസരിക്കാത്തതിലുള്ള ദുഃഖം മൂലമോ അല്ല. ഏതു വിധേനയും ഈശോയെ കുരുക്കിലാക്കുക എന്ന ഒരൊറ്റ ഉദ്ദേശ്യം മാത്രമാണ് അവർക്കുണ്ടായിരുന്നത്. ഇന്നും പലവിധ ആരോപണങ്ങൾ പലരും സഭയുടെ പല നിലപാടുകൾക്കുമെതിരെ ഉയർത്താറുണ്ട്. ഇതിനു പിന്നിലുള്ള ഉദ്ദേശ്യം പലപ്പോഴും സഭാസ്നേഹമോ മനുഷ്യസ്നേഹമോ അല്ല; മറിച്ച് ഏതു വിധേനയും സഭയെ, പ്രത്യേകിച്ചു സഭാധികാരികളെ കുരുക്കിലാക്കുക എന്നതാണ്. തങ്ങ ളെത്തന്നെ നീതിന്മാമാർ എന്നു കണക്കാക്കുന്ന ഫരിസേയമനോഭാവം ഇവിടെയും തെളിഞ്ഞുകാ ണാം.

ഹോസിയാ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായം 6-ാം വാക്യം; "ബലിയല്ല കരുണ യാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്നുദ്ധരിച്ചുകൊണ്ടു മനുഷ്യബന്ധങ്ങളിലുണ്ടാകേണ്ട കാരു ണ്യമനോഭാവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈശോ ഓർമ്മിപ്പിക്കുകയാണ്. പഴയനിയമത്തിൽ മിക്കാ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായത്തിൽ എങ്ങനെ ദൈവത്തെ പ്രീതിപ്പെടുത്തും എന്നു ചോദിക്കുന്ന ജനങ്ങളോടു പ്രവാചകൻ മൂന്നു കാര്യങ്ങൾ ചെയ്യാനാണ് ആവശ്യപ്പെടുക. 'നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, ദൈവസന്നിധിയിൽ വിനീതനായിവർത്തിക്കുക' (മി ക്ക.6:6-8).

ഇന്നു സമൂഹത്തിൽ എല്ലായിടത്തു നിന്നും ഉയരുക നീതിക്കുവേണ്ടിയുള്ള മുറവിളിയാണ്. സമൂഹത്തിൽ സമാധാനം ഉണ്ടാകണമെങ്കിൽ നീതി അവിടെ ഉണ്ടാകണം. അപരനോടു നീതിപ്ര വർത്തിക്കാത്ത ആത്മീയത പൊള്ളയായിരിക്കും. മറ്റുള്ളവരുടെ വേദനയും പ്രയാസങ്ങളും കാണുമ്പോൾ അലിവിന്റെ ചാലുകൾ പുറത്തേക്കൊഴുകാത്ത ആത്മീയതയും തികച്ചും പൊള്ളയാ യിരിക്കും. ദൈവസന്നിധിയിൽ വിനീതരായി വർത്തിക്കണമെങ്കിൽ നാമൊക്കെ വിനയമുള്ളവരാക

ണം. നീതിയും കരുണയുമെല്ലാം നമ്മുടെ ബന്ധങ്ങളിൽ നിഴലിക്കണമെങ്കിൽ വിനയമനോഭാവം മനസിലുയരണം.

നമുക്കു നമ്മുടെ നല്ല ജീവിതത്തെക്കുറിച്ചു ചിന്തിക്കാം. നല്ല ക്രൈസ്തവ കുടുംബങ്ങളിൽ ക്രൈസ്തവമാതാപിതാക്കൻമാരിൽ നിന്നു ജനിച്ചവരാണു നാമൊക്കെ. പ്രാർത്ഥനയും കൂദാശകളുടെ സ്വീകരണവുമൊക്കെ നടത്തുന്നവരുമാകാം,നാമൊക്കെ. ഇതെല്ലാം എനിക്കു വെറുമൊരാചരണമാണോ? അതോ എന്റെ ക്രൈസ്തവജീവിതം നീതി പ്രവർത്തിക്കാനും കരുണ കാണിക്കാനും ദൈവസന്നിധിയിൽ വിനീതനായി വർത്തിക്കാനും എന്നെ സഹായിക്കുന്നതല്ലെങ്കിൽ നമ്മെ നോക്കിയും അവിടുന്നു പറയും 'ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ഏറ്റു പറയുന്നു; അവരുടെ ഹൃദയമോ എന്നിൽ നിന്ന് ഏറെ അകലെ' എന്ന്. മറ്റുള്ളവരെ വിമർശിക്കുന്ന ഫരിസേയമനോഭാവത്തിൽ നിന്നു മാറി നമുക്കു നമ്മുടെ പ്രവൃത്തികളെക്കുറിച്ചു തന്നെ ചിന്തിക്കാം.

## സാബത്ത് ഞായർ - നിത്യഭാഗ്യം

ഫാ. മാത്യു ചേന്നാട്ട്

**മി**ശിഹാ തന്റെ മണവാട്ടിയായ തിരുസ്സഭയെ അന്ത്യവിധിക്കു ശേഷം മഹത്ത്വപൂർണ്ണയായി പിതാവിനു സമർപ്പിക്കുന്നതിനെ ധ്യാനിക്കുന്ന പള്ളിക്കൂദാശക്കാലം വരാനിരിക്കുന്ന നിത്യവിശ്രമത്തെ, നിത്യരക്ഷയെ, ലക്ഷ്യമാക്കി ഒരുങ്ങാൻ നമ്മെ പ്രചോദിപ്പിക്കുന്ന കാലംകൂടിയാണ്. ഇന്നത്തെ സുവിശേഷത്തിലൂടെ രണ്ടു വെളിപ്പെടുത്തലുകളാണു മിശിഹാ നടത്തുന്നത്. മിശിഹാ ദൈവാലയത്തെക്കാൾ വലിയവനാണ്. അവൻ സാബത്തിന്റെയും കർത്താവാണ്. കാലാകാലങ്ങളിൽ ദൈവം മനുഷ്യനുമായി കണ്ടുമുട്ടുന്നതിനു സ്ഥലമൊരുക്കിയിരുന്നു. ദൈവം കല്പിച്ച മാതൃകയിൽ പണിതുയർത്തിയതാണു സമാഗമകൂടാരം. ദൈവം തന്റെ ജനത്തിന്റെ മദ്ധ്യേ ഇറങ്ങിവന്നിരുന്ന വിശുദ്ധ കൂടാരം. ആ സമാഗമ കൂടാരത്തിന്റെയും അതിലെ പുരോഹിതരുടെയും അഭിഷേകത്തെയും വിശുദ്ധീകരണത്തെയും സംബന്ധിച്ചാണ് ആദ്യവായന. ''അഭിഷേകതൈലമെടുത്ത് കൂടാരവും അതിലുള്ള സകലതും അഭിഷേചിക്കുക. അങ്ങനെ കൂടാരവും അതിലെ ഉപകരണങ്ങളും ശുദ്ധീകരിക്കുക. അവ വിശുദ്ധമാകും. ദഹനപീഠവും അതിലെ ഉപകരണങ്ങളും അഭിഷേചിച്ചു ശുദ്ധീകരിക്കുക. ബലിപീഠം

അതിവിശുദ്ധമാകും. അഹറോനെയും അവന്റെ പുത്രന്മാരെയും സമാഗമകൂടാരത്തിന്റെ വാതിൽക്കൽ കൊണ്ടുവന്നു വെള്ളംകൊണ്ട് കഴുകണം. അവരെ വിശുദ്ധവസ്ത്രങ്ങളണിയിക്കണം'' (പുറ. 40:8-14). ഈ കൂടാരത്തെ പരാമർശിച്ചുകൊണ്ടു ഹെബ്രായലേഖകൻ പറയുന്നു: '' അവൻ (മിശിഹാ) വിശുദ്ധവസ്തുക്കളുടെയും മനുഷ്യ നിർമ്മിതമല്ലാത്തതും ദൈവസ്ഥാപിതവുമായ സത്യകൂടാരത്തിന്റെയും ശുശ്രൂഷകനാണ്'' (ഹെബ്രാ.8:2). അവന്റെ ബലിയർപ്പണത്തെക്കുറിച്ചു തുടർന്നു ഹെബ്രായലേഖനം പറയുന്നു: ''മനുഷ്യനിർമ്മിതവും സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധ സ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കാൻ സ്വർഗ്ഗത്തിലേക്കുതന്നെയാണ് ഈശോ പ്രവേശിച്ചത് (ഹെബ്രാ.9:24). സമാഗമകൂടാരത്തെക്കാൾ ശ്രേഷ്ഠമാണു മിശിഹായുടെ സ്ഥാനമെന്നു ഹെബ്രായലേഖകൻ ഇവിടെ ഉറപ്പിച്ചു പറയുന്നു. ജറുസലേം ദൈവാലയം നിർമ്മിച്ചതിനുശേഷം സോളമൻ രാജാവ് ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്ന ഭാഗമാണു രണ്ടാം വായന. സോളമൻ ദൈവത്തോടു ചോദിക്കുന്നു: ''ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗ്ഗത്തിനും സ്വർഗ്ഗാദിസ്വർഗ്ഗത്തിനും അസാധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം'' (1 രാജാ.8:27). സോളമന്റെ ഈ പ്രാർത്ഥനയുടെ പൊരുൾ മിശിഹാ വ്യക്തമാക്കുന്നു. ''ദൈവാലയത്തെക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്''(മത്താ.12:6).സമാഗമ കൂടാരം ഇനിയില്ല. ജറുസലേം ദൈവാലയവും തകർക്കപ്പെട്ടു. ഇനിമേൽ ദൈവമനുഷ്യസമാഗമം നടക്കുന്നതു മിശിഹായിലൂടെയാണ്. അവനാണു വഴി, അവനാണു വാതിൽ, അവനിലൂടെയല്ലാതെ ആരും പിതാവിനെ ദർശിക്കുകയില്ല. അവൻ ദൈവത്തിന്റെ നിത്യകൂടാരമാണ്.

രണ്ടാമതായി, ഈശോ വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ''മനുഷ്യപുത്രൻസാബത്തിന്റെയും കർത്താവാണ്'' (മത്താ.12:8). സാബത്തിന്റെ യഥാർത്ഥ ചൈതന്യം വെളിപ്പെടുത്തുവാനായി അവിടുന്ന്, കൈ ശോഷിച്ചവനെ സുഖപ്പെടുത്തുകയും ചെയ്യുന്നു. ഇസ്രായേൽക്കാർക്കു സാബത്ത് വിശ്രമത്തിന്റെയും രക്ഷയുടെയും ദിവസമാണ്. സൃഷ്ടികർമ്മം പൂർത്തിയാക്കി തന്റെ പ്രവൃത്തികളിൽനിന്നു വിരമിച്ചു, വിശ്രമിച്ച്, ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി (ഉത്പ.2:3). അതിനെ അനുസ്മരിച്ച ദൈവജനമായ ഇസ്രായേലിനു സാബത്ത് സന്തോഷത്തിന്റെയും വിശ്രമത്തിന്റെയും ആരാധനയുടെയും ദിനമായിരുന്നു. (ഉത്പ.20:10) കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണമെന്ന കല്പന ദൈവം ഇസ്രായേലിനു നല്കിയതാണല്ലോ. ''ആറുദിവസം അദ്ധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാംദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്... എന്തെന്നാൽ, കർത്താവ് ആറുദിവസംകൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാം ദിവസം വിശ്രമിക്കുകയും ചെയ്തു. അങ്ങനെ അവിടുന്നു സാബത്തുദിനത്തെ അനുഗ്രഹിക്കുകയും

വിശുദ്ധീകരിക്കുകയും ചെയ്തു'' (പുറ.20:8-11). ഈജിപ്തിന്റെ അടിമത്തത്തിൽനിനിന്നും ഇസ്രായേൽക്കാരെ ദൈവമായ കർത്താവ് തന്റെ ശക്തമായ കരം നീട്ടി രക്ഷിച്ചതിന്റെ സ്മരണയ്ക്കായും സാബത്ത് ആചരിക്കണമെന്നു ദൈവം പറയുന്നുണ്ട് (നിയമാ.5:15). ഈ രണ്ടു കാര്യങ്ങളും ചേർത്തുവയ്ക്കുമ്പോൾ സാബത്ത്, 'സ്രഷ്ടാവ്' എന്ന നിലയിൽ സൃഷ്ടികളോടുള്ള ദൈവത്തിന്റെ താത്പര്യവും, രക്ഷകൻ എന്ന നിലയിൽ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടുള്ള അവിടുത്തെ കാരുണ്യവും അനുസ്മരിപ്പിക്കുന്ന അടയാളമാണ്.

സാബത്ത് വിശ്രമത്തിന്റെയും രക്ഷയുടെയും അടയാളമാണെങ്കിൽ അതിന്റെ പൂർണ്ണത നാം കണ്ടെത്തുന്നതു മിശിഹായിലാണ് (ലൂക്കാ 4:16-21). അവനിലാണു യഥാർത്ഥ വിശ്രമം നാം കണ്ടെത്തേണ്ടത്. മനുഷ്യവർഗ്ഗത്തിന്റെ ആശ്വാസവും രക്ഷയും മിശിഹായിലാണ്. ദൈവജനത്തിനു ലഭിക്കാനിരിക്കുന്ന സാബത്തു വിശ്രമം അവനിലാണ് (ഹെബ്രാ.4:9). ഭാഗ്യസ്മരണാർഹനായ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇവിടെ അപ്പസ്തോലിക തിരുവെഴുത്തായ 'കർത്താവിന്റെ ദിവസ'(Dies Domini) ത്തിൽ സാബത്തിനെയും ഞായറാഴ്ചയെയും ബന്ധപ്പെടുത്തി യുഗാന്ത്യത്തിൽ മിശിഹായോടൊത്തു നമുക്കു ലഭിക്കാനിരിക്കുന്ന വിശ്രമത്തെയും രക്ഷയെയുംപറ്റി പറയുന്നുണ്ട്. ഞായറാഴ്ച, സാബത്തിന്റെ ഒരു പുനരാഖ്യാനമാണ്. അതോടൊപ്പം തന്നെ ഞായറാഴ്ച ഒരു മുന്നാസ്വാദനവുമാണ്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തെയും മിശിഹായിൽ പൂർത്തിയായ പുതിയ സൃഷ്ടികർമ്മത്തെയും ഈ ദിനത്തിൽ ആഘോഷിക്കുന്നു. കർത്താവിന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും കരഗതമായ രക്ഷയെ നമ്മൾ അനുസ്മരിക്കുന്നു. ഞായറാഴ്ച വിശ്രമത്തിന്റെയും സന്തോഷത്തിന്റെയും സാഹോദര്യ ത്തിന്റെയും ദിനമാണ്. തീർന്നില്ല, ഞായറാഴ്ച വരാനിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനമാണ് (ച:75). ഈ ഞായറാഴ്ചയുടെ ഹൃദയമാണു ദിവ്യബലിയർപ്പണം. നമ്മുടെ ഞായറാഴ്ചയാചരണത്തെക്കുറിച്ച് ഒരു ആത്മശോധനകൂടി നടത്തുന്നത് ഈ അവസരത്തിൽ ഉചിതമാണ്. പല കുടുംബങ്ങളിലുമുള്ള വ്യക്തികൾ ദൈവഭവനത്തിൽ ഒരുമിച്ചുകൂടി ബലിയിൽ പങ്കുചേർന്ന് ഒരേ മേശയിൽനിന്നു ഭക്ഷിച്ചു ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്ന, സ്വർഗ്ഗവും ഭൂമിയും ഒന്നാകുന്ന പുണ്യസമയം - വിശ്രമത്തിന്റെയും രക്ഷയുടെയും സമയം. ഇതൊരു മുന്നാസ്വാദനമാണ്. അന്ത്യവിധിക്കുശേഷം മഹത്ത്വപൂർണ്ണയായ സഭ ത്രിത്വൈക ദൈവത്തെ സകല സ്വർഗ്ഗവാസികളോടുംകൂടി ആരാധിക്കുന്നതിന്റെ മുന്നാസ്വാദനം നമുക്കു ലഭിക്കുന്ന വിശ്രമദിനം; ഒപ്പം ആത്യന്തികമായ രക്ഷയും.

ഈ രണ്ട് ആശയങ്ങൾ - മനുഷ്യപുത്രൻ സമാഗമകൂടാരത്തെയും ദൈവാലയത്തെയും കാൾ മഹോന്നതനാണെന്നും സാബത്തിന്റെ കർത്താവായ അവനിലാണു രക്ഷയും വിശ്രമവും

എന്നും വെളിപാട് 21:1-4 വാക്യങ്ങളിൽ നമ്മൾ കാണുന്നു. ''പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധ നഗരമായ പുതിയ ജറുസലേം കർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന് ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽനിന്നു വലിയൊരു സ്വരം ഞാൻ കേട്ടു. ''ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടന്ന് അവരുടെ കൂടെയായിരിക്കുകയും ചെയ്യും. അവിടന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല; പഴയതെല്ലാം കടന്നുപോയി.'' ഈശോയാകുന്ന നിത്യകൂടാരത്തിൽ രക്ഷയും വിശ്രമവും ലഭിക്കുന്നതിനുവേണ്ടി നമ്മുടെ ജീവിതത്തെ നമുക്കു ക്രമീകരിക്കാം.